**ഇസ്‌ലാംമതം കേരളത്തിലെ പൊതുജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുകയും മലയാളിയുടെ ജീവിതവീക്ഷണം രൂപപ്പെടുത്തുന്നതിൽ സാർഥകമായ പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ട്. അതേസമയം, മുസ്‌ലിംകളുടെ വേദഗ്രന്ഥമായ ഖുർആൻ മലയാളസാഹിത്യത്തിൽനിന്ന് ഏറെ അകലെത്തന്നെയാണ്.**

# ഖുർആനും മലയാളസാഹിത്യവും

## എ.പി. കുഞ്ഞാമു

ഇസ്‌ലാമിന്റെ ആദ്യകാലത്തുതന്നെ ഖുർആൻ കടന്നുചെന്ന പ്രദേശങ്ങളിലൊന്നാണ് മലയാളനാട്. അറബികളുമായി മലബാറിനുണ്ടായിരുന്ന കച്ചവടബന്ധങ്ങളിലൂടെയാണ് മുഖ്യമായും ഇസ്‌ലാം കേരളത്തിൽ പ്രചരിച്ചത്. എന്നാൽ, മലയാളഭാഷയിൽ ബൈബിൾ ചെലുത്തിയ സ്വാധീനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഖുർആന്റെ ഈ രംഗത്തെ സംഭാവനകൾ വളരെ ചെറുതാണെന്ന് മനസ്സിലാവും. അതേസമയം, അറബിഭാഷ മലയാളത്തെ വളരെയേറെ സ്വാധീനിച്ചിട്ടുമുണ്ട്. കച്ചവടവുമായും ഭരണവുമായും ബന്ധപ്പെട്ട് നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന പദങ്ങളിലാണ് ഈ സ്വാധീനം കൂടുതലുള്ളത്. സാഹിത്യത്തേക്കാളേറെ ദൃശ്യകലകളിലാണ് കേരളത്തെ സംബന്ധിച്ചേടത്തോളം ഇസ്‌ലാമിക സ്പർശമുള്ളത്. സൗന്ദര്യാസ്വാദനവുമായി ബന്ധപ്പെട്ട സ്വകീയമായ പദാവലിതന്നെ മുസ്‌ലിംകൾക്കുണ്ട് എന്നത് ഒരുപക്ഷേ ഇതുകൊണ്ടാവാം. എന്നാൽ, ബൈബിളിനെ സംബന്ധിച്ചേടത്തോളം ഇതല്ല സ്ഥിതി. കേരളത്തിൽ മതപ്രചാരണത്തിന് എത്തിച്ചേർന്ന ക്രിസ്തീയമിഷനറിമാർ ഭാഷാസേവനത്തിനും ഒരുപാട് സമയം നീക്കിവച്ചു. ഹെർമൻ ഗുണ്ടർട്ടും അർണോസ് പാതിരിയും തുടങ്ങിവച്ച ഈ പ്രവർത്തനം ക്രിസ്തീയമിഷനറിമാർ നിർബന്ധപൂർവം ഏറ്റെടുത്തു. ബൈബിളിന് ഒട്ടേറെ മലയാളവിവർത്തനങ്ങളുണ്ടായി. ക്രിസ്തീയ മതതത്ത്വങ്ങൾ പ്രചരിപ്പിക്കുന്ന കൃതികളും ആനുകാലികപ്രസിദ്ധീകരണങ്ങളും ധാരാളം പുറത്തുവന്നു, പത്രങ്ങളുണ്ടായി. സംസ്കൃതവും വിദ്യാസമ്പന്നവുമായ പടിഞ്ഞാറിന്റെ പ്രതിനിധികൾ എന്ന നിലയിലുള്ള ജീവിതനിയോഗമാണ് ക്രിസ്തീയ മതപ്രചാരകർ ഇവിടെ നിറവേറ്റിയത്. എന്നാൽ, മുസ്‌ലിംകളാവട്ടെ പ്രാകൃതമായ കിഴക്കിന്റെ ആളുകൾ എന്ന നിലയിൽ പരിമിതപ്പെട്ടുപോയി. മലയാളഭാഷയുമായോ സാഹിത്യവുമായോ കാര്യമായ ബന്ധമൊന്നുമില്ലാത്ത ഒരു പുറംപോക്ക് ജനതയായിരുന്നു അവർ. നിത്യജീവിതത്തിൽ ആഴത്തിലുള്ള വ്യക്തിമുദ്രകൾ പതിപ്പിച്ചുകൊണ്ടുതന്നെ, സാമാന്യസമൂഹത്തിൽനിന്ന് അൽപം ഉയർന്നുനിൽക്കുന്ന സാഹിത്യത്തിന്റെ മണ്ഡലങ്ങളെ എത്തിപ്പിടിക്കാനാവാതെ മുസ്‌ലിംകൾ കഴിഞ്ഞുകൂടി. ഇതിന് ചരിത്രപരമായ പല കാരണങ്ങളുമുണ്ട്. ആഗോളമുസ്‌ലിംസമൂഹവുമായുള്ള കേരളീയമുസ്‌ലിംകളുടെ ആത്മബന്ധമാണ് ഒരു കാരണം. പാശ്ചാത്യമായ എല്ലാറ്റിനെയും നിരാകരിക്കുകയായിരുന്നു മുസ്‌ലിംകൾ. ഒരു സമൂഹമെന്ന നിലയിൽ കോളനിവത്കരണത്തെ തുടക്കം മുതലേ ചെറുത്തുനിന്ന മുസ്‌ലിംസമൂഹം ആധുനികവിദ്യാഭ്യാസത്തെയും അതിന്റെ ഉപോൽപന്നങ്ങളായ സാഹിത്യത്തെയും കലയെയുമെല്ലാം നിരാകരിച്ചു. ഇങ്ങനെ മുഖ്യധാരാസാഹിത്യത്തിൽനിന്ന് അകന്നുനിന്ന അവർ സ്വന്തമായി അറബിമലയാളമെന്ന ഭാഷാരൂപം സൃഷ്ടിക്കുകയും ചെയ്തു. ഇസ്‌ലാമികസ്വാധീനം മലയാളഭാഷയിൽ കുറയാൻ ഈ വേറിട്ടുനിൽക്കൽ കാരണമായിട്ടുണ്ട്.

ബൈബിളിന്റെ സ്ഥിതി അതല്ല. മലയാളസാഹിത്യത്തിൽ ബൈബിളിന്റെ സ്വാധീനം വളരെ പ്രകടമാണ്. എന്നാൽ, കേരളീയസാമൂഹികജീവിതത്തെ ക്രിസ്ത്യാനികളെപ്പോലെത്തന്നെ ആഴത്തിൽ സ്വാധീനിച്ച മുസ്‌ലിംകളുടെ വേദഗ്രന്ഥമായ ഖുർആൻ ഏറെക്കുറെ മലയാളസാഹിത്യത്തിന് അന്യവുമാണ്. ബൈബിൾ മലയാളത്തിന് സജീവമായ ഒട്ടേറെ ബിംബങ്ങളും പദങ്ങളും സമ്മാനിച്ചിട്ടുണ്ട്. ബൈബിൾ വിവർത്തനങ്ങളുടെ കാവ്യമനോഹാരിതയിലൂടെ അവ നിലനിന്നു. കുരിശ്, മുൾക്കിരീടം, മുപ്പതുവെള്ളിക്കാശ്, അൾത്താര, ബലിപീഠം തുടങ്ങിയ ബൈബിൾധ്വനികളുള്ള ഒട്ടേറെ വാക്കുകൾ മലയാളിയുടെ സാമാന്യസാഹിത്യം സ്വീകരിച്ചുകഴിഞ്ഞു. പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്നും ആകാശത്തിലെ പറവകൾ വിതക്കുന്നില്ല എന്നും വയൽപ്പരപ്പിലെ ലില്ലിപ്പൂക്കൾ പോലെ എന്നുമൊക്കെ പറഞ്ഞാൽ മലയാളിപൊതുസമൂഹത്തിന് മനസ്സിലാകും. അക്കൽദാമയും ഗാഗുൽത്തായും അവർക്ക് ചിരപരിചിതമായ സംജ്ഞകൾ. മലയാളസാഹിത്യത്തിൽ ബൈബിൾ ചെലുത്തിയേടത്തോളം സ്വാധീനം ഏതെങ്കിലുമൊരു കൃതി ഒറ്റയ്ക്ക് ചെലുത്തിയിട്ടുണ്ടാവുമെന്ന് തോന്നുന്നില്ല. മുസ്‌ലിംജീവിതത്തെ ആസ്പദമാക്കി കരുത്തുറ്റ ധാരാളം സാഹിത്യരചനകളുണ്ടായിട്ടും ഖുർആന്റെ സംഭാവനയായി ഇത്തരം സംജ്ഞകളൊന്നും മലയാളത്തിൽ ഏറെയില്ല. ഹൂറി എന്ന പദമൊഴിച്ചാൽ മറ്റൊരു ഖുർആനികസംഭാവനയും ഇല്ലെന്നാണ് തോന്നുന്നത്. ഹൂറി തികച്ചും ഒരു ഖുർആനിക സങ്കൽപ

മാണ്. സ്വർഗീയകന്യകയെക്കുറിച്ചുള്ള ഈ ഖുർആനികസങ്കൽപം മലയാളസാഹിത്യം ഏറ്റെടുത്തിട്ടുണ്ട്. പൊതുസമൂഹം ഹൂറി എന്നുപയോഗിക്കുകയും ചെയ്യുന്നു. ഇബ്‌ലീസ് ആണ് മറ്റൊരു പദം. ആദമിന്റെയും ഹവ്വയുടെയും കഥയുടെ ബൈബിൾപാഠമാണ് സാമാന്യേന മലയാളത്തിലും സ്വീകാര്യം. സാത്താനും പാപത്തിന്റെ കനിയും മറ്റും ബൈബിളിന്റെ മുദ്രകൾ പേറിയാണ് മലയാളത്തിലെത്തിയതെങ്കിൽ ഇബ്‌ലീസ് ഇതിൽനിന്ന് വ്യത്യസ്തമായി ഖുർആനികസ്പർശവുമായി നിലനിൽക്കുന്നു. ഇത്തരം ചില പദങ്ങളല്ലാതെ ഖുർആന്റെ സ്വാധീനം സ്ഫുരിക്കുന്ന മറ്റൊന്നും മലയാളത്തിലില്ല. മലയാളിയുടെ ജീവിതത്തെ ഖുർആനികമൂല്യങ്ങൾ അഗാധമായി സ്വാധീനിച്ച അവസ്ഥയിലും സാഹിത്യത്തെ സംബന്ധിച്ചേടത്തോളം ഇതാണ് സ്ഥിതി.



ഖുർആൻ വിവർത്തനം ചെയ്തുകൂടെന്നാണ് കേരളത്തിലെ ആദ്യകാല മുസ്‌ലിംകൾ കരുതിയത്, ഒപ്പം മലയാളവുമായുള്ള മുസ്‌ലിം പണ്ഡിതന്മാരുടെ ഭാഷാപരിചയമില്ലായ്മ അവരെ അതിൽനിന്ന് തടയുകയും ചെയ്തു. അതിനാൽതന്നെ ബൈബിളിൽനിന്ന് വ്യത്യസ്തമായി ഖുർആൻ സാമാന്യ മലയാളസാഹിത്യത്തിന് അപ്രാപ്യമായിക്കിടന്നു, ദീർഘകാലം. ഖുർആനിക സങ്കൽപങ്ങൾക്ക് മലയാളസാഹിത്യത്തിലേക്ക് പ്രവേശനം ലഭിക്കാതിരിക്കാൻ ഇതാണ് കാരണം. മലയാളത്തിൽ ആദ്യത്തെ ഖുർആൻപരിഭാഷ പുറത്തിറങ്ങിയത് 1870-ലാണ് (ഹിജ്റ 1287). അറക്കൽ രാജകുടുംബാംഗമായ മായൻകുട്ടി എളയായുടെ ഈ കൃതി ഖുർആൻവാക്യങ്ങളുടെയും തഫ്സീർ ജലാലൈനിയുടെയും നേർതർജമയാണ്. മായൻകുട്ടി എളയായുടെ ഖുർആൻപരിഭാഷയുടെ ഭാഷാഘടന പരിശോധിച്ചാൽ, എത്രമാത്രം പിന്നാക്കാവസ്ഥയിലായിരുന്നു അന്ന് മലയാളിമുസ്‌ലിമിന്റെ പദസ്വാധീനവും ഭാഷാബോധവുമെന്ന് വ്യക്തമാവും. സൂറഃ *സ്വാദി*ലെ 29-ാം സൂക്തം മായൻകുട്ടി എളയ പരിഭാഷപ്പെടുത്തുന്നത് ഇപ്രകാരമാണ്:

"ഇദാകുന്നത് ബർകത്താക്കപ്പെട്ടെ കിതാബായിരിക്കും. അദിനെ ഞമ്മൾ ഇറക്കിയിരിക്കുന്നു. മുഹമ്മദ് യെന്ന നബിയെ, തങ്ങളെ ക്കൊളെള! അദ്യെന്തിന്? അദിന്റെ ആയത്തുകളെ അവല് ഉറുദിബിജാരിക്കുവാൻ വേണ്ടി. അഖൽ ഉടയോല് ഉറുദി പെറുവാൻ വേണ്ടിയും. യെന്ന് യെന്ത്?"

അക്കാലത്തെ മലയാളവരമൊഴിയിൽനിന്നും അതിനു മുമ്പ് പുറത്തിറങ്ങിയ ബൈബിൾ വിവർത്തനങ്ങളിൽനിന്നും ഈ തർജമയ്ക്കുള്ള വ്യത്യാസം നിരീക്ഷിച്ചാൽ,ഖുർആൻവിവർത്തനത്തിൽ മുസ്‌ലിംസമൂഹം അനുഭവിച്ച പരാധീനത വ്യക്തമാവും. പുതിയ പദങ്ങൾ കണ്ടെത്തി ഖുർആൻ വിവർത്തനത്തെ ചടുലമാക്കിയവരിലൊരാളാണ് വക്കം അബ്ദുൽഖാദിർ മൗലവി. റഹ്മാൻ, റഹീം എന്നീ പദങ്ങൾക്ക് പരമകാരുണികൻ, കരുണാനിധി എന്ന് അദ്ദേഹം തർജമചെയ്തു. ഇവ ഇന്ന് സാമാന്യേന ഉപയോഗിക്കപ്പെടുന്നു. സി.എൻ. അഹ്മദ് മൗലവിയുടെ ഖുർആൻപരിഭാഷ ഖുർആനികമൂല്യങ്ങളെ അന്യമതസമൂഹങ്ങളിലേക്ക് സംക്രമിപ്പിക്കാൻ വളരെയധികം ഉതകി. ഖുർആനികദർശനങ്ങളെ ഭാഷാസാഹിത്യകാരന്മാർ പരിചയപ്പെടാനും അവയെ അവർ ഉൾക്കൊള്ളാനും ഇത് ഉപകരിച്ചിട്ടുണ്ട്.

സർഗാത്മകസാഹിത്യത്തിൽ മലയാളത്തെ സംബന്ധിച്ചേടത്തോളം ഖുർആനിക സ്വാധീനം വളരെയൊന്നും പ്രകടമല്ല. വള്ളത്തോളിന്റെ 'അല്ലാഹ്' പോലെയുള്ള ചില കവിതകൾ ഇസ്‌ലാമികദർശനങ്ങളെ ഉൾക്കൊള്ളാൻ ശ്രമിച്ചു എന്നല്ലാതെ കവികൾക്ക് ഇസ്‌ലാമിന്റെ അനന്തവിശാലലോകം ഒരപരിചിതമേഖലയായിരുന്നു. എന്നാൽ, കഥാസാഹിത്യത്തിൽ മുസ്‌ലിംജീവിതത്തെ ആസ്പദമാക്കി ധാരാളം രചനകളുണ്ട്. എങ്കിലും വൈക്കം മുഹമ്മദ് ബശീറിന്റെ രചനകളിലാണ് ഖുർആൻ ഒരു സജീവസാന്നിധ്യമായി നിലകൊള്ളുന്നത്. ആകാശഭൂമികളുടെ പ്രകാശമായ അല്ലാഹു ബശീറിനെ നിരന്തരം പിന്തുടർന്ന ഒരു സാന്നിധ്യമാണ്. *ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്നു* എന്ന കൃതിയിൽ ബശീർ ഖുർആനികമിത്തുകളെ സമർഥമായി ഉപയോഗപ്പെടുത്തി (*ലൗഹുൽ മഹ്ഫൂള്, സിദ്റത്തുൽ മുൻതഹാ*). *ഓർമയുടെ അറകൾ* എന്ന ആത്മകഥയിലും ചില ചെറുകഥകളിലും ഖുർആന്റെ സാന്നിധ്യം അനുഭവപ്പെടുന്നു. യൂസുഫലി കേച്ചേരിയുടെ *ഹുവൽ ഹയ്യുൽ ഖയ്യൂം* എന്ന കവിതയും ഇവിടെ ഓർക്കാവുന്നതാണ്. ഹഫ്സയുടെ *മാ* എന്ന നോവൽ ഖുർആന്റെ സാന്നിധ്യം ഏറ്റവും ശക്തമായനുഭവപ്പെടുന്ന രചനയാണ്. എൻ.പി. മുഹമ്മദിന്റെ ചില കഥകളിലും ഖുർആനികസങ്കൽപങ്ങളുടെ സ്വാധീനം ദൃശ്യമാണ്.

ഒരു ഖുർആനികസംഭവത്തെ പ്രമേയമാക്കി രചിച്ചതാണ് കാനേഷ് പൂനൂരിന്റെ *പെരുന്നാൾ* എന്ന കഥ. ഇബ്റാഹീംനബിയുടെ പുത്രബലിയെ സമകാലികസന്ദർഭത്തോട് ചേർത്തുനിർത്തി ആവിഷ്കരിച്ച *പെരുന്നാൾ* മലയാളത്തിലെ മികച്ച കഥകളിലൊന്നാണ്. ഖുർആന്റെ ശൈലി അതിസൂക്ഷ്മമായി പിന്തുടർന്ന് രചിച്ചതാണ് ജമാൽ കൊച്ചങ്ങാടിയുടെ *ദൃഷ്ടാന്തം*. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളിലും സി.വി. ബാലകൃഷ്ണന്റെ *ആയുസ്സിന്റെ പുസ്തക*ത്തിലും പാറപ്പുറത്തിന്റെ *സൂര്യകിരണങ്ങളി*ലും അനുഭവവേദ്യമാകുന്ന ബൈബിൾ സ്വാധീനത്തിനു തുല്യമായ അളവിൽ പ്രകടമായ ഖുർആൻസ്വാധീനം ചൂണ്ടിക്കാണിക്കാവുന്ന കഥകൾ ഏറെയൊന്നും മലയാളത്തിലില്ല. അന്യമതവിഭാഗങ്ങളിൽപെട്ട എഴുത്തുകാരെ അവരുടെ രചനയിൽ ഖുർആൻ സ്വാധീനിച്ചിട്ടേയില്ല.

ഒരു കാര്യമുറപ്പാണ്- ഇസ്‌ലാംമതം കേരളത്തിലെ പൊതുജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുകയും മലയാളിയുടെ ജീവിതവീക്ഷണം രൂപപ്പെടുത്തുന്നതിൽ സാർഥകമായ പങ്കുവഹിക്കുകയും ചെയ്തിട്ടുണ്ട്. അതേസമയം, മുസ്‌ലിംകളുടെ വേദഗ്രന്ഥമായ ഖുർആൻ മലയാളസാഹിത്യത്തിൽനിന്ന് ഏറെ അകലെത്തന്നെയാണ്.

■